# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2869 — 19.06.14 ൽ - മറുപടിക്ക്

## റേഷൻകടകളുടെ പ്രവർത്തനം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. കോവൂർ കുഞ്ഞുമോൻ | | ശ്രീ. അനൂപ് ജേക്കബ് (ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും, രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) | റേഷൻ കടകളിൽ സാധനങ്ങളുടെ വിലവിവരം വിവിധ കാറ്റഗറി തിരിച്ച് രേഖപ്പെടുത്തണം എന്ന നിബന്ധന നിലവിലുണ്ടോ; ഇത്തരത്തിൽ വിലവിവരം രേഖപ്പെടുത്താത്ത റേഷൻ കടകൾക്കെതിരെ നടപടി സ്വീകരിക്കുമോ; | (എ) നിലവിലുണ്ട്. വിലവിവരം രേഖപ്പെടുത്താത്ത റേഷൻ കടകൾക്കെതിരെ കേരള റേഷനിംഗ് ഓർഡർ 1966-ൽ അനുശാസിക്കുന്ന പ്രകാരമുള്ള നടപടികൾ കൈക്കൊള്ളാറുണ്ട്. |
| (ബി) | റേഷൻകടകളുടെ പ്രവർത്തന സമയം വിശദമാക്കുമോ; അനുവദിക്കപ്പെട്ട സമയത്ത് പ്രവർത്തിക്കാത്ത റേഷൻ കടകൾ ഉണ്ടെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അവയ്ക്കെതിരെ കൈക്കൊണ്ടിട്ടുള്ള നടപടികൾ വിശദമാക്കുമോ; | (ബി) സംസ്ഥാനത്തെ റേഷൻ കടകളുടെ പ്രവർത്തനസമയം രാവിലെ 8 മണിമുതൽ 12 മണിവരെയും വൈകുന്നേരം 4 മണി മുതൽ 8 മണിവരെയുമാണ്. അനുവദിക്കപ്പെട്ട സമയത്ത് പ്രവർത്തിക്കാത്ത റേഷൻ കടകൾ കണ്ടെത്തുകയാണെങ്കിൽ നോട്ടീസ് നൽകുകയും, 1966 ലെ കേരള റേഷനിംഗ് ഓർഡർ പ്രകാരമുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു. |
| (സി) | റേഷൻകടകൾക്ക് ബിൽബുക്ക് നിർബന്ധമാണോ;കമ്പ്യൂട്ടറൈസ്ഡ് ബില്ലിംഗ് സംവിധാനം റേഷൻകടകളിൽ നടപ്പിൽ വരുത്തുമോ; എങ്കിൽ എന്നു മുതൽ എന്നറിയിക്കുമോ? | (സി) റേഷൻകടകൾക്ക് ബിൽബുക്ക് നിർബന്ധിതമാണ്. പൊതുവിതരണ രംഗത്ത് കമ്പ്യൂട്ടർവത്ക്കരണ നടപടികൾ ആരംഭിച്ച് കഴിഞ്ഞു. കമ്പ്യൂട്ടർവൽക്കരണം പൂർത്തിയാകുന്ന മുറയ്ക്ക് കമ്പ്യൂട്ടറൈസ്ഡ് ബില്ലുകൾ നൽകുവാൻ കഴിയും. |

സെക്ഷൻ ഓഫീസർ